LIBRARY ARCHIVES Kerala Legislative Assembly

അന്യസംസ്ഥാനങ്ങളിൽനിന്നും സുതാര്യമായ നടപടിക്രമങ്ങളിലൂടെ മണൽ ഇറക്കുമതി ചെയ്യുന്നതിന് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ എക്സികൃട്ടീവ് കമ്മിറ്റി, മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ഉദ്യോഗസ്ഥർ, കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ടെക്നിക്കൽ എക്സ്പെർട്ട് എന്നിവർ ഉൾപ്പെട്ട ഒരു എക്സ്പെർട്ട് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ മൽസര സ്വഭാവമുള്ള ഓഫറുകൾ സ്വീകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി.

താരിഫ് അതോറിറ്റി രൂപീകരണ നിർദ്ദേശം

20 (*770) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എം. എ. ബേബി :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യബാധ്യതകൾ മറന്ന് ലാഭം മാത്രം ലക്ഷ്യമിടുന്നതാണ് മൺറെയിൽവേ ബഡ്ജറ്റെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) താരിഫ് അതോറിറ്റി രൂപീകരണ നിർദ്ദേശം യഥേഷ്ടം നിരക്ക് വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടാണെന്ന ആക്ഷേപം സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ;

(സി) പെട്രോളിന്റെ വിലനിയന്ത്രണാധികാരം സർക്കാരിൽനിന്ന് മാറ്റിയതിന്റെ ഫലമായി യഥേഷ്ടം വില വർദ്ധിപ്പിക്കുന്ന സാഹചര്യം, താരിഫ് അതോറിറ്റി രൂപീകരണത്തോടെ റെയിൽ യാത്രാ-ചരക്കുകൂലി നിരക്കിലും സംഭവിക്കുമെന്ന ആശങ്ക സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഇല്ല.

(ബി&സി) റെയിൽ യാത്രാ നിരക്കും ചരക്കുകൂലിയും നിശ്ചയിക്കുന്നതിനായി ഒരു റെയിൽ താരിഫ് അതോറിറ്റി രൂപീകരിക്കുന്നതിന് തത്വത്തിലുള്ള അംഗീകാരം കേന്ദ്ര ക്യാബിനറ്റ് നൽകിയെന്നും ഈ വർഷം അവസാനത്തോടുകൂടി അതോറിറ്റി പ്രവർത്തനം ആരംഭിക്കുമെന്നും പത്ര മാദ്ധ്യമങ്ങളിൽനിന്നും അറിയുവാൻ സാധിച്ചിട്ടുണ്ട്. ടി അതോറിറ്റി രൂപീകരണത്തിനുശേഷം അതിന്റെ പ്രവർത്തനം വിലയിരുത്തിയശേഷം മാത്രമേ ഇതു സംബന്ധിച്ച് നിലപാട് വ്യക്തമാക്കുവാനാകൂ.